(1)

## കേരള സർക്കാർ

### സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർ നിയമനമാക്കി കണക്കാക്കി സേവനവേതന വ്യവസ്ഥകൾ നിർണ്ണയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ(ഡി) വകുപ്പ്**

**സ.ഉ(കൈ) നം.38/2017/ആ.സാ.വ** **തിരുവനന്തപുരം, തീയതി,03.10.2017**

പരാമർശം: 1. 19.10.2016 ലെ സ.ഉ(പി) നം. 159/2016/ധന

2. 24.11.2016 ലെ സഉ(സാധാ)431/16/ആസവ നമ്പർ ഉത്തരവ്

3. 25.11.2016 ലെ വിവിഡ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ എഫ്.എൽ 57/പോസ്റ്റിംഗ്/615/2016-2017/വിവിഡ് നമ്പർ കത്ത്.

### ഉത്തരവ്

ശ്രീ.വി.രാമചന്ദ്രൻ പോറ്റിയെ വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ(വിവിഡ്) ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ പുനർ നിർണ്ണയം ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ, മൂന്നുവർഷത്തേയ്ക്ക് പുനർ നിയമന വ്യവസ്ഥയിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് സേവനവേതന വ്യവസ്ഥകൾ നിർണ്ണയിച്ചു നൽകുവാൻ മാനേജിംഗ് ഡയറക്ടർ വിവിഡ് കോർപ്പറേഷൻ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർ നിയമനമായി കണക്കാക്കി ഇദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്. ആർ ഭാഗം 3 ചട്ടം 100 പ്രകാരം ധനകാര്യ വകുപ്പിന്റെ പരാമർശം 1 ലെ ഉത്തരവിന് അനുസൃതമായി പരിഷ്ക്കരിച്ചത്) നിർണ്ണയം നടത്തി ഇതിനാൽ

ഉത്തരവാകുന്നു. ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ സേവന കാലാവധി സംബന്ധിച്ച ഉത്തരവ് പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷർമിള മേരി ജോസഫ്**
ഗവ. സെക്രട്ടറി

1. ശ്രീ.വി.രാമചന്ദ്രൻ പോറ്റി, മാനേജിംഗ് ഡയറക്ടർ, വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ, കൃഷ്ണ വിലാസം റോഡ്, ജഗതി. പി.ഒ., തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
3. അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
4. പൊതുഭരണ(എസ്.സി) വകുപ്പ്
5. ധന വകുപ്പ്
6. ഇൻഫർമേഷൻ ഓഫീസർ, (വെബ് & ന്യൂ മീഡിയ)
7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 20-09-2017

ഫയൽ നം.94/ഡി1/2017/പ്ലാനിംഗ് ഇനം നം: 1440

വിഷയം : ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് - വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. കെ.എം. എബ്രഹാം
ചീഫ് സെക്രട്ടറി

സെക്രട്ടറി, ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | : 94/ഡി1/2017/പ്ലാനിംഗ് |
| 2. വകുപ്പ് | : ആസൂത്രണസാമ്പത്തികകാര്യ (ഡി) വകുപ്പ് |
| 3. വിഷയം | : ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ.വി.രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച് |
| 4. മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി. | : 02 /08/2017 |
| 5. (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : അതെ |
| (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : അതെ |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : അതെ. |
| 6. മറ്റേതെങ്കിലും വകുപ്പുകളുമായി ആലോചിച്ചിട്ടുണ്ടോ | : അതെ |
| ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ളകുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : അതെ |
| 7. കുറിപ്പ് സമർപ്പിച്ച അഡീഷണൽസെക്രട്ടറിയുടെ പേര് | : ശ്രീമതി. എം.സി.പ്രസന്നകുമാരി |
| 8. കുറിപ്പ് സമർപ്പിച്ച സെക്രട്ടറിയുടെ പേര് | : ഡോ. ഷർമ്മിള മേരി ജോസഫ് |
| 9. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ.വി.എസ്.സെന്തിൽ |
| 10. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16/08/2017 |
| 11. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീമതി. നളിനി നെറ്റോ |
| 12. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 28/08/2017 |
| 13. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. പിണറായി വിജയൻ |
| 14. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 9/9/2017 |
| 15. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 14/9/2017 |
| 16. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 17. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

# <u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിൽ മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ.രാമചന്ദ്രൻ പോറ്റി, കെ.പി V/976, വി.പി. തമ്പി ലെയിൻ, കുടപ്പനക്കുന്ന്, തിരുവനന്തപുരം- ന്റെ നിയമനം പുനർനിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2. 24.11.2016 തീയതിയിലെ സഉ(സാധാ)431/16/ആസവ പ്രകാരം ശ്രീ. രാമചന്ദ്രൻ പോറ്റിയെ വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സേവന വേതന വ്യവസ്ഥകൾ ഇതുവരെയും പുനർ നിർണ്ണയം ചെയ്തിട്ടില്ല.

3. മൂന്നുവർഷത്തേയ്ക്ക് പുനർ നിയമന വ്യവസ്ഥയിൽ ശമ്പളവും മറ്റാനുകൂല്യങ്ങളും അനുവദിച്ചു കൊണ്ട് തന്റെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചു നൽകുവാൻ വിവിഡ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. 31.05.2015 ൽ തിരുവനന്തപുരം സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നും ജോയിന്റ് ഡയറക്ടറായി വിരമിച്ച അദ്ദേഹം സർവ്വീസ് പെൻഷൻ ആനുകൂല്യങ്ങൾ അനുഭവിച്ചുവരുന്നു.

4. പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ അഭിപ്രായത്തിനായി ധനവകുപ്പിനയച്ചപ്പോൾ ടി വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

" Administrative Department is requested to fix the terms and conditions of the appointment of Sri. V. Ramachandran Potty as the M.D., VIVID Corporation, in consultation with the Planning (BPE) Department and retransmit the file to Finance Department, if necessary".

5.ധന വകുപ്പിന്റെ ഉപദേശപ്രകാരം ഫയൽ ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പിൽ അയച്ചപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെട്ടു.

"The Administrative Department is advised to consult with Finance Department for fixing the terms and conditions of MD. VIVID Corporation as the appointment is on re-employment basis".

6.ആസൂത്രണ സാമ്പത്തികകാര്യ (ബിപിഇ) വകുപ്പിന്റെ ഉപദേശപ്രകാരം ഫയൽ വീണ്ടും ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ കാണും പ്രകാരം അഭിപ്രായപ്പെട്ടു.

"വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡയറക്ടറായി നിയമിതനായ ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർ നിയമനമായി കണക്കാക്കി മന്ത്രിസഭയുടെ അനുമതിയുടെ അടിസ്ഥാനത്തിൽ സേവന വേതന വ്യവസ്ഥകൾ കെ.എസ്. ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ(പി) നം. 159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) പുനർ നിർണ്ണയം നടത്തുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു".

7. ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാനായി ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

വിഷൻ വർക്കല ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് (വിവിഡ്) കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറായി നിയമിതനായ ശ്രീ. വി. രാമചന്ദ്രൻ പോറ്റിയുടെ നിയമനം പുനർ നിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്. ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ(പി) നം. 159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) നിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കാമോ?